**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6139** **17-03-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ മീറ്റ് ദ മിനിസ്റ്റർ പ്രോഗ്രാം പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനും സംരംഭകരുടെ പരാതികൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി മലപ്പുറം ജില്ലയിൽ മീറ്റ് ദ മിനിസ്റ്റർ എന്ന പരിപാടിയിലൂടെ എന്തൊക്കെ പ്രയോജനങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന വിശദവിവരം ലഭ്യമാക്കുമോ; | (എ) | 14/09/2021 തീയതിയിൽ മലപ്പുറം ജില്ലയിൽ നടത്തിയ മീറ്റ് ദി മിനിസ്റ്റർ പരിപാടിയിലൂടെ 105 അപേക്ഷകൾ ലഭിച്ചു. അവയിൽ 48 അപേക്ഷകൾ ഇതിനോടകം തീർപ്പാക്കി. 30 അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചു വരുന്നു. 21 അപേക്ഷകളിൽ മേൽ മലപ്പുറം ജില്ല വ്യവസായ കേന്ദ്രത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. 6 അപേക്ഷകൾ മറ്റു വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. ഈ പരിപാടിയിലൂടെ വർഷങ്ങളായി തീർപ്പാകാതെ കിടന്ന ഒട്ടേറേ വിഷയങ്ങൾ തീർപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ നേരിട്ട് കേൾക്കുന്നതിനും പരിഹാര മാർഗ്ഗം തേടുന്നതിനും സഹായകമായി. കൂടാതെ മറ്റു വകുപ്പുകളുടെ ഒരു ഏകോപനവും ടി പരിപാടിയിലൂടെ സാധ്യമായി. |
| (ബി) | മീറ്റ് ദ ഇൻവെസ്റ്റർ പരിപാടിയിലൂടെ മലപ്പുറം ജില്ലയിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കുമോ? | (ബി) | മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയിലൂടെ സംസ്ഥാനത്ത് 29 സംരംഭങ്ങളിലൂടെ ഏകദേശം 11000 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികളുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ ഒരു പദ്ധതിയുടെ ഭാഗം മലപ്പുറം ജില്ലയിലും ഉൾപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ